# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



## അഗ്നിയുടെ മനുഷ്യൻ

എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus; Alastair Paterson

അംഗികരിച്ചത് : E. Frischbutter

തര്‍ജ്ജിമ ചെയ്യുതത് : Rev. Benny

നിര്‍മ്മിച്ചത് : Bible for Children
www.M1914.org

©2021 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വില്‍ക്കരുത്.

യിസ്രായേലിൽ ആകമാനം തിന്മ ബാധിച്ചു. രാജാവും രാജ്ഞിയും ദൈവത്തെ വെറുത്തു. എന്തൊരു ദുഷിച്ച മാതൃക! ഉടൻ തന്നെ ജനങ്ങളും ദൈവത്തെ മറന്നു വ്യാജദൈവങ്ങളെ ആരാധിച്ചു. ആരെങ്കിലും ദൈവത്തെ സ്നേഹിക്കുന്നുഡോ?



അതേ, വിശ്വസ്തതയോടുകൂടെ ആരാധിക്കുന്ന ചുരുക്കം ചിലരുായിരുന്നു. ഒരു ദിവസം അതിലൊരുവനായ ഏലീയാവിനോട് ദൈവം സംസാരിച്ചു.



ഏലീയാവ് ദുഷ്ടനായ
ആഹാബ്‌രാജാവിനോട്:
“യിസ്രായേലിന്റെ
ദൈവമായ
യഹോവയാണ,
ഞാൻ പറഞ്ഞല്ലാതെ
വരുന്ന ഏതാനും
വർഷങ്ങളിൽ
മഞ്ഞോ മഴയോ ഉ
ാകുകയില്ല”
എന്നു പറഞ്ഞു.





രാജാവിന് മുന്നറിയിപ്പ് കൊടുത്തശേഷം ദൈവം ഏലീയാവിനെ ഒരു രഹസ്യസ്ഥാനത്തേക്ക് പറഞ്ഞയച്ചു. അവിടെ ഒരു തോട്ടിനരികെ ഏലീയാവ് ഒളിച്ചുപാർത്തു. അവന് ഭക്ഷണവുമായി ദൈവം കാക്കകളെ അയച്ചു.



രാവിലെയും വൈകുന്നേരവും കാക്കകൾ അദ്ദേഹത്തിന് അപ്പവും ഇറച്ചിയും കൊുവന്നു കൊടുത്തു. തോട്ടിൽനിന്ന് ഏലീയാവ് വെള്ളം കുടിച്ചു.



ആ ദേശത്ത് മഴ പെയ്യാതിരുന്നതിനാൽ ഏറെത്താമസിയാതെ തോട് വറ്റിപ്പോയി. ദൈവത്തിന്റെ വചനം ശരിയാണെന്ന് സ്ഥാപിതമാകയായിരുന്നു. രാജ്യത്താകെമാനം ജലക്ഷാമം അനുഭവപ്പെട്ടു. വിളകൾക്ക് വളരാനായില്ല.



ജനങ്ങൾ വിശന്ന് തളർന്നു. ഏലീയാവ് ഒരുപക്ഷേ,
ചിന്തിച്ചുകാണും വെള്ളം വറ്റിപ്പോയതിനാൽ ഇനി
തന്റെ സ്ഥിതി എന്താകുമെന്ന്.

അപ്പോൾ യഹോവ ഏലീയാവിനോട് അരുളിച്ചെയ്തു: “എഴുന്നേറ്റ് സാരേഫാത്തിലേക്കു പോയി അവിടെ പാർക്കുക. അവിടെ നിനക്ക് ഭക്ഷണം തരുന്നതിന് ഞാൻ ഒരു വിധവയോട് കല്പിച്ചിട്ടു്.”



തന്റെ ദാസന്റെ ആവശ്യങ്ങളെന്തെന്ന് ദൈവത്തിന് അറിയാമായിരുന്നു.



എന്നാൽ എന്തു
വിചിത്രമായ
വിധത്തിലാണ് അത്
ചെയ്തുകൊടുക്കുന്നത്.
ഏലീയാവ് താഴ്മയോടെ
ദൈവത്തെ
അനുസരിച്ചു. അദ്ദേഹം
സാരേഫാത്തിൽ
ചെന്നപ്പോൾ,

പട്ടണവാതില്ക്കൽ
ഒരു വിധവ വിറക്
പെറുക്കിക്കൊിരുന്നു.

“ദയവായി എനിക്ക് ഒരുപാത്രം
വെള്ളം തരുമോ,” ഏലീയാവ്
ആ സ്ത്രീയോട് ചോദിച്ചു.
“ഒരു കഷണം അപ്പവും
എനിക്കുവേി
കൊുവരണമേ.”



അവൾ മറുപടി പറഞ്ഞു: “എന്റെ
പക്കൽ അപ്പം ഒന്നുമില്ല.
ഭരണിയിൽ ഒരു പിടി
മാവും തുരുത്തിയിൽ
അല്പം എണ്ണയും
മാത്രമേയുള്ളൂ.”



ഈ മാവും എണ്ണയും
തീരുമ്പോൾ ഞാനും
മകനും പട്ടിണികിടന്ന്
മരിക്കും എന്ന് ആ
സ്ത്രീ ദുഃഖത്തോടെ
പ്രവാചകനോട്
പറഞ്ഞു.



ഏലീയാവ് അവളോട്: “പേടിക്കേ; ആദ്യം നിനക്കുള്ളതിൽനിന്ന് ഒരു ചെറിയ അപ്പം എനിക്കുവേി ഉാക്കിത്തരിക. പിന്നെ നിനക്കുവേിയും നിന്റെ മകനുവേിയും ഉാക്കിക്കൊള്ളുക. യഹോവ ഭൂതലത്തിൽ മഴ പെയ്യിക്കുന്നതുവരെയും ഭരണിയിലെ മാവ് തീരുകയില്ല, തുരുത്തിയിലെ എണ്ണ വറ്റിപ്പോകുകയുമില്ല.”



അത് സംഭവിക്കുവാൻ ദൈവത്തിന് ഒരു അത്ഭുതം പ്രവർത്തിക്കേിവരും. അവൻ അതുതന്നേ ചെയ്തു. മാവുഭരണി ശൂന്യമായിത്തീർന്നില്ല, എണ്ണത്തുരുത്തി വറ്റിപ്പോയതുമില്ല. ആ സ്ത്രീയും മകനും ദീർഘനാളുകൾ അതിൽനിന്ന് ഭക്ഷിച്ചു.



ഏലീയാവ് അവരോടൊപ്പം താമസിച്ചു. ഒരുദിവസം ദുഃഖകരമായ ഒരു കാര്യം സംഭവിച്ചു. ഈ വിധവയുടെ മകൻ മരിച്ചുപോയി. ആ ബാലന്റെ ശരീരം ഏലീയാവ് മുകളിലത്തെ നിലയിൽ കൊണ്ടുപോയി.



അദ്ദേഹം യഹോവയോട് നിലവിളിച്ചു, “എന്റെ ദൈവമായ യഹോവേ, ഈ ബാലന്റെ ജീവനെ അവന്റെമേൽ തിരികെ വരുത്തേണമേ.” എന്തൊരു അസാധ്യമായ പ്രാർത്ഥനയാണിത്!



യഹോവ ഏലീയാവിന്റെ നിലവിളി കേട്ടു. ബാലന്റെ ജീവൻ അവനിൽ തിരികെ വന്നു, അവൻ ജീവിച്ചു. ഏലീയാവ് ഈ കുട്ടിയെ എടുത്ത് അവന്റെ അമ്മയ്ക്ക് കൊടുത്തപ്പോൾ, ആ സ്ത്രീ പറഞ്ഞു: “അങ്ങയുടെ വായിൽനിന്നുള്ള ദൈവവചനം സത്യമെന്ന് ഞാൻ ഇതിനാൽ അറിയുന്നു.”



മൂന്ന് വർഷങ്ങൾക്കുശേഷം ദൈവം ഏലീയാവിനെ വീും രാജാവിന്റെ അടുത്തേക്ക് അയച്ചു. അവൻ പറഞ്ഞു: “ഞാൻ ഭൂമിയിൽ മഴ പെയ്യിക്കുവാൻ പോകുന്നു.”



ആഹാബിന്റെ അടുത്ത് പോകാനോ? ഇതിനോടകംതന്നെ അവന്റെ ഭാര്യ ഇസബേൽ ദൈവത്തിന്റെ നൂറ് പ്രവാചകന്മാരെ വധിച്ചുകഴിഞ്ഞിരുന്നു.



ഏലീയാവ് തർക്കിച്ചില്ല. അദ്ദേഹം ആഹാബു രാജാവിന്റെ അടുത്തുചെന്നു.



അവർ ഇരുവരും കുമുട്ടിയപ്പോൾ, ഏലീയാവ് ആഹാബിനെ വെല്ലുവിളിച്ചു പറഞ്ഞു, എല്ലാ യിസ്രായേലിനെയും 850 കള്ളപ്രവാചകന്മാരെയും കൂട്ടിവരുത്തുക. കർമേൽ എന്ന പർവതത്തിൽവെച്ച് ഏലീയാവ് ജനങ്ങളോട് സംസാരിച്ചു:



“യഹോവയാണ് ദൈവമെങ്കിൽ അവിടത്തെ അനുസരിപ്പിൻ.”

രു കാളകളെയാണ് ഏലീയാവ് യാഗത്തിനു തയ്യാറാക്കിയത്. എന്നാൽ തീ കൊടുക്കുവാൻ പാടില്ലായിരുന്നു. അദ്ദേഹം പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ ദൈവത്തിന്റെ നാമം വിളിച്ചപേക്ഷിക്കുക. ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കാം. തീകൊ് ഉത്തരമരുളുന്ന ദൈവം തന്നെ ദൈവമെന്ന് നമുക്കു തീരുമാനിക്കാം.” “അങ്ങ് പറയുന്നത് നല്ല കാര്യം” എന്നു ജനം മറുപടി പറഞ്ഞു.



കള്ള പ്രവാചകന്മാർ അവരുടെ വ്യാജ ദൈവങ്ങളോട് രാവിലെ മുതൽ വൈകുന്നേരം വരെ വിളിച്ചപേക്ഷിച്ചു. അവർ തുള്ളിച്ചാടുകയും നൃത്തം ചെയ്യുകയും വാൾകൊണ്ട് തങ്ങളെത്തന്നെ മുറിവേല്പിക്കുകയും ചെയ്ത് രക്തമൊഴുക്കി. പക്ഷേ, എവിടെ തീ വരാൻ!





അപ്പോൾ ഏലീയാവ്
വിറകിന്മേലും
യാഗവസ്തുവിന്മേലും
വെള്ളം ഒഴിച്ചു.
എന്നിട്ട് പ്രാർത്ഥിച്ചു:
“.. അവിടന്നുതന്നെ
ദൈവമെന്ന് ഈ
ജനം അറിയേതിന്
എനിക്കുത്തരമരുളേണമേ.”
ഉടനെ യഹോവയുടെ അഗ്നി
ഇറങ്ങി യാഗവസ്തുവും
വിറകും ദഹിപ്പിച്ചു.
യാഗപീഠത്തിന്റെ
കല്ലുകളും
ദഹിപ്പിച്ചുകളഞ്ഞു.



ജനം ഇത് കപ്പോൾ, “യഹോവ തന്നേ
ദൈവ” മെന്ന് വിളിച്ചുപറഞ്ഞു. “അപ്പോൾ
ഏലീയാവ് അവരോട് ബാലിന്റെ
പ്രവാചകന്മാരെ പിടിക്കുവിൻ
അവരിൽ ഒരുവനും
രക്ഷപ്പെടരുത്!”

വളരെ മുമ്പേ തന്നെ
ആഹാബ് ചെണ്ടിയിരുന്നത്
ഏലീയാവ് ചെയ്തു. അവൻ
കള്ളപ്രവാചകന്മാരെയെല്ലാം
വെട്ടിക്കൊന്നു.



എന്നിട്ട് മഴപെയ്യാൻ
പോകുന്നുവെന്ന്
ദൈവത്തിന്റെ ദാസൻ
ആഹാബിനോട് പറഞ്ഞു.
പെട്ടെന്നുതന്നെ ചെറിയൊരു മേഘം
പ്രത്യക്ഷപ്പെട്ടു. മഴപെയ്യുമോ? അതും
മൂന്നു





അതിനിടെ ആകാശം
മേഘങ്ങൾകൊ്
കറുത്തിരുു; കാറ്റടിച്ചു;
വന്മഴ പെയ്തു.
ദൈവമാണ് മഴയെ
അയച്ചത്. ഏലീയാവ്
പറഞ്ഞത്
സത്യമാണെന്ന്
ദൈവം ജനത്തിന്
കാണിച്ചുകൊടുത്തു.
താൻ തന്നെയാണ്
സത്യദൈവമെന്ന്
അവൻ തെളിയിച്ചു.



ആഹാബ്‌രാജാവ്
ദൈവത്തെയും
ഏലീയാവിനെയും
ആദരിച്ചുവെന്ന് താങ്കൾ
ചിന്തിക്കുന്നുവോ? ഏയ്,
ഇല്ല! വാസ്തവം
പറഞ്ഞാൽ ഇസബേൽ
ഏലീയാവിനെ
കൊല്ലുവാൻ ശ്രമിച്ചു.
എന്നാൽ അദ്ദേഹം
രക്ഷപ്പെട്ടു.



കഥയുടെ ഒടുക്കം,
ആഹാബ് യുദ്ധത്തിൽ
മരിക്കയും ഇസബേലിനെ
അവളുടെ ഭൃത്യന്മാർ
കൊട്ടാരത്തിന്റെ
കിളിവാതിലിൽനിന്ന്
തള്ളിതാഴെയിടുകയും
ചെയ്തു. താഴെയുള്ള
കരിങ്കല്ലുകളിന്മേൽ
പതിച്ച് അവൾ
ചിന്നിച്ചിതറി മരിച്ചു.



ഏലീയാവിന്
എന്തു സംഭവിച്ചു?

ഒരു ദിവസം ദൈവം
അഗ്നിരഥത്തെയും
അഗ്നിക്കുതിരകളെയും അയച്ചു.
ദൈവത്തിന്റെ അഗ്നിമനുഷ്യനായ
ഏലീയാവ് ചുഴലിക്കൊടുങ്കാറ്റിൽ
സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു.

# അഗ്നിയുടെ മനുഷ്യൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

1 രാജാക്കന്മാർ 17-19, 2 രാജാക്കന്മാർ 2

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കീർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയ്യുക.
യോഹന്നാൻ 3:16